(എഫ്) ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം 20 വർഷത്തിലൊരിക്കലേ പാടുള്ളൂ എന്ന നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാംഭാഗ റിപ്പോർട്ടിലെ 17.37-ാം നമ്പർ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 6, 7, 8, 9 വകുപ്പുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി സംവരണ വാർഡുകൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

കഫാറികൾക്കുള്ള ഇക്കോളജിക്കൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ്

180 (7479) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത ട്രിബ്യൂണൽ വിധിക്കനുസൃതമായി പരിസ്ഥിതി ആഘാത പഠനം നടത്തുകയും ഇക്കോളജിക്കൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നേടുകയും ചെയ്ത് പ്രവർത്തിക്കുന്ന പാറ ക്വാറികൾ സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കോളജിക്കൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നേടാതെ പ്രവർത്തിച്ചുവരുന്ന പാറ ക്വാറികൾക്ക് ആയത് നേടുന്നതിന് സമയം അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹരിത ട്രിബ്യൂണൽ വിധിക്കനുസൃതമായി പരിസ്ഥിതി ആഘാത പഠനം നടത്തുകയും ഇക്കോളജിക്കൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നേടുകയും ചെയ്ത് പ്രവർത്തിക്കുന്ന ക്വാറികളുള്ള ഗ്രാമപഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മാതൃകാ ശുചിത്വഗ്രാമം പദ്ധതി

181 (7480) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ ശുചിത്വഗ്രാമം പദ്ധതി നടപ്പാക്കുന്ന 32 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾ ഒരുക്കേണ്ട പശ്ചാത്തല സൗകര്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് എത്ര രൂപയുടെ സാമ്പത്തിക സഹായം ലഭിക്കുമെന്നും അത് ഏത് ഏജൻസിവഴിയാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ വേണ്ടിയുള്ള പരിശീലന പരിപാടിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്ന് പറയുമോ ;

(ഇ) 2014-15-ലെ ബഡ്ജറ്റിൽ മാതൃകാ ശുചിത്വ ഗ്രാമ പദ്ധതി നടപ്പാക്കാൻ വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഖര-ദ്രവ മാലിന്യസംസ്കരണ പദ്ധതി, പ്ലാസ്റ്റിക് സംസ്കരണ പദ്ധതി, അറവുശാല നിർമ്മാണം, ഗതാഗതവികസനം, മുടക്കം കൂടാതെയുള്ള പദ്ധതി കുടിവെള്ള വിതരണം തുടങ്ങിയവ നടപ്പാക്കാൻ പദ്ധതികൾ തയ്യാറാക്കി, ആവശ്യമായ സ്ഥലസൗകര്യങ്ങളോടുകൂടി സമീപിക്കുന്ന പഞ്ചായത്തുകൾക്ക് ഇതിനുവേണ്ടി സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

(സി) ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതികൾക്കനുസരിച്ചാണ് ശുചിത്വമിഷൻ സാമ്പത്തിക സഹായം നൽകുന്നത്.

(ഡി) ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള പരിശീലന പരിപാടികൾ ജില്ലാതല പരിശീലന പാരിപാടികളായാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇതിനുമാത്രമായി ചെലവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ഇ) 2014-15 ബഡ്ജറ്റിൽ ശുചിത്വ ഗ്രാമപദ്ധതിക്ക് തുക പ്രത്യേകം വകയിരുത്തിയിട്ടില്ല. എന്നാൽ ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ വിവിധ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുന്നതാണ്. ആകയാൽ ആയത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്നതാണ്.

ആലപ്പുഴ ജില്ലയിലെ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ

182 (7481) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ ശുചിത്വമിഷൻ പുതുതായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly